## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.352 27.02.2017 ൽ മറുപടിയ്ക്ക്

### ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ എൻ.ജി.ഒ.കളുടെ സഹകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ അംഗീകൃത സർക്കാരിതര സംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം,കോഴിക്കോട്,കണ്ണൂർ ജില്ലകളിൽ മാത്രമാണ് പെൺകുട്ടികൾക്ക് വേണ്ടിയുള്ള ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മറ്റു ജില്ലകളിലും പെൺകുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ബഹു.ഹൈക്കോടതിയും, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ 21.01.2017 ന് നടന്ന ഐ.സി.പി.എസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കാത്ത ജില്ലകളിൽ അംഗീകൃത സർക്കാരിതര സംഘടനകളുടെ സഹായത്തോടുകൂടി ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് തയ്യാറുള്ള എൻ.ജി.ഒ മാരിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. |
| (ബി) സർക്കാരിന്റെ പൂർണമായ ശ്രദ്ധയും നിരീക്ഷണവും ആവശ്യമായ ഇത്തരം സ്ഥാപനങ്ങളുടെ നേരിട്ടുള്ള പ്രവർത്തനങ്ങളിൽ എൻ.ജി.ഒ.കളുടെ സഹകരണം സംബന്ധിച്ച് നിരീക്ഷണം വേണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ഉണ്ട്. സർക്കാരിന്റെ പൂർണമായ ശ്രദ്ധയും നിരീക്ഷണവും ആവശ്യമായ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ എൻ.ജി.ഒ.കളുടെ സഹകരണം ലഭ്യമാക്കുമ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ കൃത്യമായ നിരീക്ഷണം ഉറപ്പുവരുത്തും. എൻ.ജി.ഒ.കളുടെ പ്രവർത്തനം ഐ.സി.പി.എസ് തലത്തിലും, ഐ.സി.പി.എസിന്റെ ജില്ലാഘടകമായ ഡിസ്ട്രിക് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തലത്തിലും നിരീക്ഷിക്കുന്നതാണ്. |
| (സി) അനാഥരും മാതാപിതാക്കളുടെ സംരക്ഷണമില്ലാതെ കഴിയുന്നതുമായ കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ? | (സി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കുന്ന അനാഥരും, മാതാപിതാക്കളുടെ സംരക്ഷണമില്ലാതെ കഴിയുന്നതുമായ കുട്ടികൾക്ക് വേണ്ടി ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം ഒരു കുട്ടിയ്ക്ക് പ്രതിമാസം ആഹാരത്തിനും വസ്ത്രങ്ങൾക്കും |

. . . .2)

മരുന്നിനും മറ്റുമായി 2000/- രൂപ നിരക്കിൽ അനുവദിക്കുകയും, കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസ-ത്തിനും വിനോദത്തിനും ഐ.സി.പി.എസിന്റെ സ്റ്റേറ്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുകയും, ഐ.സി.പി.എസിന്റെ ഡി-ഇൻസ്റ്റിറ്റ്യൂഷണലൈ-സേഷൻ പദ്ധതി പ്രകാരം പല ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെയും കുട്ടികൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുകയും ചെയ്യുന്നു. കൂടാതെ കുട്ടികളുടെ സൈക്കോളജിക്കൽ അസസ് മെന്റ് നടത്തുന്നതിന് സൈക്കോളജിസ്റ്റിന്റെയും, പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് എഡ്യൂക്കേറ്ററുടെയും, കലാകായിക പരിശീലനങ്ങൾ നൽകുന്നതിന് വിവിധ പരിശീലകരുടേയും സേവനങ്ങൾ നല്കി വരുന്നു.

സെക്ഷൻ ഓഫീസർ